# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **54**

2 9.06..2015- ലെ മറുപടിക്ക്

## സഹകരണ മേഖല ശക്തിപ്പെടുത്തൽ

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. പി.ടി.എ റഹീം
ശ്രീ.കെ.കെ.നാരായണൻ

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും , ജനോപകാരപ്രദമാക്കുന്നതിനും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനും ജനോപകാര പ്രദമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നതാണ് സർക്കാരിന്റെ നില പാട്. ഇതിന്റെ ഭാഗമായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം, സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും, വാ യ്പക്കാരുടെ ബാദ്ധ്യത ലഘൂകരിക്കുന്നതിന് വായ്പ ഇളവ് നൽകുന്നതി നുമായി 'ആശ്വാസ്' പദ്ധതി, കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരി ക്കാനുള്ള അനുമതി, സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യ ക്ഷമ മാക്കുന്നതി നുമായി 'എന്റെ സംഘം' എന്ന ക്യാമ്പയിൻ, സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാ ക്കാതെയും കൊടുത്തു തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനു വേണ്ടി നടത്തിയ തീവ്രയത്ന പരിപാടിയായ 'ഉണർവ്വ്', ടൂറിസം, ലേബർ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷന്റെ രൂപീകരണം, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ, റിസ്ക്ക് ഫണ്ട് പദ്ധതി പരിഷ്കരണം, ഹ്രസ്വകാല കാർഷിക വായ്പ യിലെ പലിശ രഹിത വായ്പാ പ ദ്ധതി, ബ്ലോക്ക് തലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ, സഹകാരികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള

'മുഖാമുഖം' പരിപാടി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ, സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സഹകരണ നിയമ ഭേദഗതി, വാർഷിക പദ്ധതി പ്രകാരം സംഘങ്ങൾക്ക് പരമാവധി ധനസഹായം അനുവദിച്ചത്, "ആലില", "സുവർണ്ണകേരളം" പദ്ധതികൾ , ആഡിറ്റ് കാലാനുസൃതമാക്കൽ, വിവിധ മേഖലകളിൽ പഠന സമിതികളെ നിയോഗിക്കൽ, എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ സഹകരണ സ്ഥാപനങ്ങളുടെ സംരക്ഷണവും വളർച്ചയും ലക്ഷ്യമാക്കിയും അവയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കുന്നതിനായും ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളവയാണ്.

ബി) സർക്കാരിന്റെ നടപടികൾ പലതും സഹകരണ സ്ഥാപനങ്ങൾ മുഖേന നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന ജനോപകാര പദ്ധതികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതായി ആക്ഷേപമു ണ്ടോ; നിലപാട് വ്യക്തമാക്കുമോ ;

ബി) അപ്രകാരം പ്രതിസന്ധി സൃഷ്ടിച്ചതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും നിയമാനുസൃതമായുള്ള ജനോപകാര പദ്ധതികളിൽ സർക്കാരിന്റെ നടപടികൾ മൂലം പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സി) സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായവും സംരക്ഷണവും നൽകാതെ അവ തകരാനിടയാക്കുന്ന നിലപാടുകൾ സ്വീകരിച്ചാൽ സാമൂഹ്യമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടു ണ്ടോ;

ഡി) സഹ കരണ സ്ഥാപനങ്ങൾക്ക് തകർച്ചയുണ്ടാക്കുന്നതായി ആക്ഷേപിക്കപ്പെട്ട കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ തിരുത്തുന്നതിനും സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യ ത്തിൽ നിലപാട് വ്യക്തമാ ക്കാമോ ?

സി) & ഡി) സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കുന്ന യാതൊരു നിലപാടും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിന് പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതോടൊപ്പം തന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സർക്കാർ കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ